19616
28/10/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

നിലമ്പൂർ നോർത്ത് ഡിവിഷൻ-എടവണ്ണ റെയിഞ്ച് തിരൂരങ്ങാടി താലൂക്ക്-കണ്ണമംഗലം വില്ലേജ് റീസർവ്വെ നമ്പർ 119,120/01 ൽപ്പെട്ടതായ സ്ഥലത്തു നടന്ന മരംമുറി സംബന്ധിച്ച അച്ചടക്ക നടപടി - സർവ്വശ്രീ.വി.സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ ബഹു.മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച ഹർജികൾ - പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.211/2019/വനം** തിരുവനന്തപുരം, തീയതി, 10/06/2019

---

പരാമർശം:- (1) 05.07.2008, 6.03.2009 എന്നീ തീയതികളിലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി5 - 36585/01 നമ്പർ ഉത്തരവുകൾ

(2) 30.11.2016-ലെ സ.ഉ.(സാധാ.) നം. 458/2016/വനം

(3) 03.09.2018-ലെ സ.ഉ.(സാധാ.) നം. 396/18/വനം

(4) 08.08.2018-തീയതിയായി സർവ്വശ്രീ.വി.സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ ബഹു. മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച ഹർജികൾ

<u>ഉത്തരവ്</u>

നിലമ്പൂർ നോർത്ത് ഡിവിഷന്റെ എടവണ്ണ റെയിഞ്ചിൽപ്പെട്ട തിരൂരങ്ങാടി താലൂക്കിൽ, കണ്ണമംഗലം വില്ലേജിലെ റീസർവ്വേ 119, 120/1-ൽ പ്പെട്ട ഏകദേശം 28 ഹെക്ടർ സ്ഥലത്തു നിന്നും 2002-ൽ നടന്ന മരം മുറിയുമായി ബന്ധപ്പെട്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) നടത്തിയ അന്വേഷണത്തിൽ പ്രസ്തുത സ്ഥലം നിക്ഷിപ്ത വനഭൂമിയായി സംരക്ഷിച്ച് പോരുന്നതിൽ വീഴ്ച പറ്റി എന്നാരോപിച്ച്

അന്നത്തെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറായ ശ്രീ.വി.സജികുമാറിന്റേയും മുൻ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറായ ശ്രീ.പി.കെ.ആസിഫിന്റേയും 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞ് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

2) മേൽ ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിച്ച അപ്പീലുകൾ പരാമർശം (2) പ്രകാരം നിരസിച്ചുത്തരവായിരുന്നു. തുടർന്ന് അച്ചടക്ക നടപടിയ്ക്കാധാരമായ മരം മുറി നടന്ന സ്ഥലത്തിന്റെ സ്റ്റാറ്റസ് സംബന്ധിച്ച് ബഹു. കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 52/2013 കേസിലെ 29.04.2015-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ടി ഉദ്യോഗസ്ഥർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഈ വിഷയം പരിശോധിച്ചതിൽ, ടി ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കുന്നതിനോ ശിക്ഷ ലഘൂകരിക്കുന്നതിനോ ആവശ്യമായ തെളിവുകൾ ടി അപേക്ഷയിൽ ഇല്ലാതിരുന്നതിനാലും ടി സ്ഥലത്തിന്റെ സ്റ്റാറ്റസിനെപ്പറ്റിയുള്ള കേസിൽ വനം വകുപ്പ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാലും ടി ഹർജികളും പരാമർശം (3) പ്രകാരം നിരസിച്ചുത്തരവായി.

3)അതിനെ തുടർന്ന് ഇരുവരും ബഹു. മുഖ്യമന്ത്രി മുൻപാകെ പരാമർശം (4) പ്രകാരം ഹർജി സമർപ്പിക്കുകയുണ്ടായി. മരം മുറി നടന്ന സ്ഥലം, വനവുമായി യാതൊരു ബന്ധവുമില്ലാത്ത വേങ്ങര എന്ന സ്ഥലത്തെ സ്വകാര്യ വ്യക്തിയുടെ കൈവശഭൂമിയായിരുന്നു. വനം വകുപ്പിന്റെ രേഖകളിലുൾപ്പെടാത്ത വകുപ്പിന്റെ അധീനതയിലല്ലാത്ത ഒരു ഭൂമിയായിരുന്നു അത്. വെസ്റ്റഡ് ഫോറസ്റ്റ് റിപ്പോർട്ടിലോ, വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റി റിപ്പോർട്ടിലോ ഈ സ്ഥലത്തെക്കുറിച്ച് യാതൊരു വിധ പരാമർശവുമില്ല. അവകാശ തർക്കം സംബന്ധിച്ച കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം റിസീവർ ഭരണത്തിലായിരുന്നു. പ്രതിവാദപത്രികയിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അതൊന്നും പരിഗണിക്കാതെയാണ് ശിക്ഷ നൽകിയത് എന്നാണ് ഹർജിയിൽ അറിയിച്ചിരുന്നത്.

4 ) പരാതിയും ബന്ധപ്പെട്ട തീർപ്പ ഫയലുകളും വിശദമായി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യത്തിൽ ചർച്ച നടത്തുകയുമുണ്ടായി.പരാതിക്കാരുടെ വാദത്തിൽ കഴമ്പുള്ളതായി സ്ഥിരീകരിക്കുന്ന റിപ്പോർട്ടാണ് ചർച്ച വേളയിൽ ചീഫ് കോൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ചത്. കണ്ണമംഗലം തിരൂരങ്ങാടി താലൂക്കിലുള്ള വിവാദ ഭൂമി കോട്ടയ്ക്കൽ കിഴക്കേകോവിലകത്ത് ചെറിയ രാജയുടെ ജന്മാവകാശമായിരുന്നു. 1944-ൽ ശ്രീ.കണ്ണത്ത് അഹമ്മദ് കുട്ടിയ്ക്ക് പാട്ടവ്യവസ്ഥയിൽ ഈ സ്ഥലത്തിന്റെ കൈവശാവകാശം നൽകുകയും, പുതുക്കി നൽകപ്പെട്ട പാട്ടക്കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീ.കണ്ണത്ത് അഹമ്മദ് കുട്ടിയുടെ അനന്തരാവകാശികൾ ശ്രീ.കൊട്ടാടൻ അഹമ്മദ് കുട്ടിയ്ക്ക് കൈവശാവകാശം കൈമാറുകയുമുണ്ടായി. ഇതിൽ കൊട്ടാടൻ അഹമ്മദ് കുട്ടിയും സഹോദരിമാരും തമ്മിൽ അവകാശ തർക്കം ഉണ്ടാവുകയും കോടതി ഇത് റിസീവർ ഭരണത്തിൻ കീഴിലാക്കുകയും ചെയ്തു. നിരവധി കോടതി വ്യവഹാരങ്ങൾക്കൊടുവിലാണ് ഇക്കാര്യത്തിൽ

27.07.2000-ത്തിലെ ലോക് അദാലത്തിൽ തീരുമാനമായത്.

5) റവന്യൂ രേഖകൾ - Basic tax register (BTR) - പ്രകാരം ടി ഭൂമിക്കുനേരെ അസ്ഥിരംപുഞ്ച (unoccupied wet land), കൃഷിസ്ഥലം, തോട്ടം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏകദേശം 70 ഏക്കർ വരുന്ന ടി സ്ഥലത്ത് മരംമുറി നടന്ന വേളയിൽ അതിനെതിരായ നടപടികൾ സ്വീകരിച്ചതോടൊപ്പം ജണ്ടകെട്ടി തിരിക്കുകയും 2002-ൽ ടി സ്ഥലത്തെ നിക്ഷിപ്തവനഭൂമിയായി വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

6) ഇതിനെതിരെ ശ്രീ.കൊട്ടാടൻ അഹമ്മദ് കുട്ടി ഫയൽ ചെയ്ത കേസിൽ ഇക്കാര്യം ഫോറസ്റ്റ് ട്രിബ്യൂണലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ടി സ്ഥലത്തിന്റെ റിസീവർക്ക് അനുമതി നൽകി മഞ്ചേരി സബോർഡിനേറ്റ് ജഡ്ജി ഉത്തരവാകുകയുണ്ടായി. അതിനനുസൃതമായി ഫയൽ ചെയ്ത ഒ.എ.യിൽ ടി വസ്തു കൃഷി ഭൂമിയാണെന്നും നിക്ഷിപ്ത വനഭൂമിയല്ല എന്നുമായിരുന്നു ട്രിബ്യൂണലിന്റെ കണ്ടെത്തൽ. വിവാദ വസ്തു വനഭൂമിയല്ല എന്നതായിരുന്നു ഫോറസ്റ്റ് ട്രിബ്യൂണലിന്റെ കണ്ടെത്തൽ. മാത്രവുമല്ല മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് (എം.പി.പി.എഫ്.) ചട്ടം തർക്കഭൂമിയുടെ കാര്യത്തിൽ ബാധകമല്ലായെന്നും 1971-ലെ നിക്ഷിപ്ത വന നിയമത്തിലെ സെക്ഷൻ 3 (i) പ്രകാരം ഇത് സർക്കാരിൽ നിക്ഷിപ്തമായ സ്വകാര്യ വനഭൂമിയല്ല എന്നും കണ്ടെത്തിയിട്ടുണ്ട്.

7) ഇതിനെതിരെ വനം വകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. സർവ്വേയും മലവാരത്തിന്റെ അതിർത്തി രേഖപ്പെടുത്തലിനും ശേഷം 30.03.2002-ൽ സ്വകാര്യ വനത്തിന്റെ വിശദാംശങ്ങളടങ്ങുന്ന വിജ്ഞാപനം പുറപ്പെടുവിച്ചുവെന്നും ആയതിനാൽ പ്രസ്തുത ഭൂമി സ്വകാര്യ വനമാണെന്നും നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിക്കുന്ന ചട്ടത്തിന്റെ പരിധിയിൽ വരുമെന്നുമാണ് ഉന്നയിച്ചിട്ടുള്ളത്. 2002-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിനെതിരെ തർക്കമുന്നയിക്കാനനുവദിച്ചിട്ടുള്ള സമയ പരിധി 60 ദിവസമാണ് എന്നും ആയത് കഴിഞ്ഞുപോയതിനാലും കാലതാമസം മാപ്പാക്കാൻ ട്രിബ്യൂണലിന് അധികാരമില്ലാത്തതിനാലും വിധി സ്വീകരിക്കാനാവില്ല എന്നും തുടർന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

8) എന്നാൽ ഈ വിഷയം വിശദമായി പരിശോധിക്കുമ്പോൾ ഭൂമിയെ സംബന്ധിച്ച് ആധികാരികമായി രേഖപ്പെടുത്തലുകൾ നടത്തുന്ന റവന്യൂ വകുപ്പിന്റെ രേഖകളിൽ ഇത് വനമായല്ല രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും റവന്യൂ രേഖകൾ പരിശോധിച്ചതിൽ നിന്നും വിവാദഭൂമി വനഭൂമി അല്ല എന്ന് വ്യക്തമാണ്. ആയതിനാൽ നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം പുറപ്പെടുവിച്ചില്ല എന്നതിന് നൽകപ്പെട്ട അച്ചടക്ക നടപടി വകുപ്പിന് സംഭവിച്ച ഒരു വീഴ്ചയായേ കണക്കാക്കാനാകൂ.

9) ട്രിബ്യൂണൽ വിധിയ്ക്കെതിരെ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ആ വിധിയ്ക്ക് ഇപ്പോഴും സാധുതയുണ്ട്. (Judgement is binding) മാത്രവുമല്ല, അച്ചടക്ക നടപടിയ്ക്കാധാരമായ സ്ഥലം റവന്യൂ വകുപ്പിന്റെ രേഖകളിൽ വനം എന്ന് രേഖപ്പെടുത്താത്തതും വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് ആധികാരിക രേഖകൾ നിലവിലുള്ളതും ഇക്കാര്യത്തിൽ

സർക്കാർ നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതും കണക്കിലെടുക്കേണ്ടതുണ്ട്. കൃത്യമായി അതിരളവുകൾ നിശ്ചയിക്കപ്പെട്ടിട്ടില്ലാതിരുന്ന ഭൂമി വനഭൂമിയാണെന്ന ധാരണയിൽ ആണ് സർവ്വശ്രീ.സജികുമാർ, ആസിഫ് എന്നിവർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചത്. അത് വനഭൂമിയല്ലെന്ന് ഫോറസ്റ്റ് ട്രൈബ്യൂണൽ വിധിച്ചതോടെ അവർ കുറ്റവിമുക്തരാകേണ്ടതാണ്. എന്നാൽ അപ്പീൽ നിലവിലുണ്ട്. അത്യധികം കാലം നടപടി തീർപ്പാക്കാതെ നീട്ടുന്നത് സ്വാഭാവിക നീതിക്കെതിരായതിനാൽ 29.04.2015-ലെ ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വി.സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.06.1? 11:32:44 IST
Reason: Approved
സെക്ഷൻ ഓഫീസർ